പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 6091** **04.07.2019 ൽ മറുപടിയ്ക്ക്**

**പട്ടയം**

**പത്തുചെയിൻ പ്രദേശങ്ങളിൽ പട്ടയം നൽകുന്നത്**

| **ചോദ്യം**<br>**ശ്രീ. റോഷി അഗസ്റ്റിൻ** | **മറുപടി**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| ജലവൈദ്യുത പദ്ധതിയോട് ചേർന്നുള്ള പത്തുചെയിൻ പ്രദേശങ്ങളായ കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഇരട്ടയാർ, ഉപ്പുതറ എന്നീ മേഖലകളിൽ പട്ടയം നല്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടംവരെയായി; വിശദാംശങ്ങൾ നൽകുമോ? | 24-10-2017-ലെ സ.ഉ.(കൈ) 352/2017/റവന്യൂ പ്രകാരം ഇടുക്കി ജില്ലയിലെ ഇരട്ടയാർ പദ്ധതി പ്രദേശത്തെ പത്തുചെയിൻ ഭാഗത്തും ഇടുക്കി പദ്ധതി പ്രദേശത്തെ മൂന്നു ചെയിൻ വിട്ടിട്ടുള്ള ഏഴുചെയിൻ പ്രദേശത്തും പട്ടയം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പട്ടയം അനുവദിച്ചിട്ടുള്ളതുമാണ്.<br>ജലവൈദ്യുത പദ്ധതികളുടെ ക്യാച്ച്മെൻറ് ഏരിയയിൽ വരുന്ന പത്തുചെയിൻ പ്രദേശങ്ങളിൽ പട്ടയം അനുവദിക്കുന്നതും നിയന്ത്രണങ്ങൾ ഇല്ലാതിരിക്കുന്നതും മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനും തദ്വാര ഈ മണ്ണ് വീണ് ജലസംഭരണിയുടെ ആഴം കുറയുന്നതിനും ഇടയാക്കും എന്നതിനാൽ ഈ വിഷയം തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന് ഇടുക്കി ജില്ലയിലെ ഭൂ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 29.01.2019-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ജലവൈദ്യുത പദ്ധതികളുടെ മൂന്ന് ചെയിൻ പ്രദേശങ്ങളിൽ പട്ടയം അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ